ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : കോഴിക്കോട്ട് തീരപ്രദേശത്തു കടലാക്രമണം കൂടക്കൂടെ ഉണ്ടാകുന്നുണ്ട്. അവിടെ കടലാക്രമണം തടയാൻ വല്ല നടപടികളും എടുത്തിട്ടുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : കോഴിക്കോട്ട ജില്ലയിൽ പ്രധാനമായിട്ട് കടലാക്രമണം ഉണ്ടായിട്ടുള്ളതു് പരപ്പനങ്ങാടി, കൊയിലാണ്ടി, വടകര, കോഴിക്കോട് എന്നീ പ്രദേശങ്ങളിലാണു്. ഈ സ്ഥലങ്ങളിലെല്ലാംതന്നെ സംരക്ഷണനടപടികളും എടുത്തുകൊണ്ടിരിക്കുകയാണു്. അടുത്തകാലത്തായി പ്രത്യേകമായിട്ടൊന്നും അവിടെ ഉണ്ടായിട്ടില്ല.

ഇലക്ട്രിസിറ്റി ഡ്യൂട്ടിയും, മീറ്റർ ഹയറും.

* 890. [3] ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തു ശതമാനം ഇലക്ട്രിസിറ്റി ഡ്യൂട്ടി കൂടുതലായി പിരിക്കുന്നതു് കൂടാതെ മാസം ഒന്നുക്ക് ഒരു രൂപാവീതം മീറ്റർ ഹയറും ഓരോ കൺസ്യൂമേർസിൽനിന്നും പിരിക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഒരു മീറ്ററിന്റെ വില രണ്ടു വരുമെന്നാണു് കണക്കാക്കിയിരിക്കുന്നതു്.

(സി) ഉടനെ മീറ്റർ ഹയർ പിരിവു് നിറുത്തി വയ്പ്പാൻ വേണ്ട നടപടികളും എടുക്കുമോ ?

Mr. Spraker : A similar question has already been answered.

ശ്രീ. കെ. ഹസൻഗനി : ബിയുടേയും സിയുടേയും ഉത്തരം പറഞ്ഞാൽ കൊള്ളാം.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(ബി) സിംഗിൾ ഫേസ് ഹൌസ് സപ്ലീസ് മീറ്ററിനു് 45 രൂപയും ത്രീഫേസ് മീറ്ററിനു് 200 രൂപയും വിലയുണ്ടു്.

(സി) ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനാണു് മീറ്റർ ഹയർ ഏർപ്പെടുത്തിയിട്ടുള്ളതു്. അതു് പിൻവലിക്കാൻ സാദ്ധ്യതയില്ല.

ശ്രീ. കെ. ഹസൻഗനി : ഇപ്പോഴും ഓരോ മാസവും മീറ്റർ ഹയർ ഇനത്തിൽ ഓരോ രൂപ വീതം വാങ്ങുന്നുണ്ടു്. അതുകൊണ്ടു് വളരെയേറെ വിഷമതകളും കൺസ്യൂമേഴ്സിനു് ഉണ്ടാകുന്നുണ്ടെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ടു് അതിലെന്തെങ്കിലും കുറവു ചെയ്യുന്നതിനുള്ള നടപടികളും എടുക്കുമോ?

ശ്രീ. ആർ. ശങ്കർ : ഇപ്പോഴും ഓരോ രൂപ വീതം ഈടാക്കുന്നതു് വളരെ കൂടുതലാണെന്നു പറയുന്നതു് ശരിയല്ല. കുറെക്കാലം കഴിയുമ്പോഴും മീറ്ററുകൾക്കു് കേടു സംഭവിക്കും. അപ്പോഴും അവ മാറിവെയ്ക്കേണ്ടതാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : നമ്മുടെ സ്റ്റോറിൽ വിദ്യുച്ഛക്തിയുടെ ദുരുപയോഗവും ഉപയോഗിക്കുന്നതു് വീട്ടാവശ്യത്തിനുവേണ്ടിയാണു്. അങ്ങനെ ആകെ നികുതിയുടെ നാൽപത്തിയൊന്നര ശതമാനം ഈടാക്കുന്നതാണെന്നും അതിനെപ്പറ്റി പുനഃപരിശോധന ചെയ്യേണ്ടതാണെന്നു് 1963–ലെ എക്കണാമിക് 118–ാംപേജിൽ ആറു്, പതിനാല് എന്നീ പേജുകളിൽ പറഞ്ഞിട്ടുള്ളതു് ഈ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതിനെപ്പറ്റി പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : അവിടെ പറഞ്ഞിട്ടുള്ളൂ വിവരം മനസിലാക്കിയിട്ടില്ല. മറ്റു കണക്കുകൾ തെറ്റാണു്. എല്ലാ രാജ്യങ്ങളിലും ഡൊമസ്റ്റിക് കൺസ്യൂമേഴ്സിനു് ഇലക്ട്രിസിറ്റി കൊടുക്കുന്നതിന്റെ അളവു കുറവും റേറ്റു കൂടുതലുമാണു്.

ശ്രീ. സി. എ. മാത്യു : ഇപ്പോഴും മാസന്തോറും ഓരോരൂപ വീതം മീറ്റർ ഹയർ ഈടാക്കുന്നുണ്ടു്. ഇന്നു് നമ്മുടെ നാട്ടിലെ ഡൊമസ്റ്റിക് കൺസ്യൂമേഴ്സിന്റെ അനുഭവം വച്ചുനോക്കിയാൽ എട്ടും പത്തും രൂപ മാസംതോറും ഇലക്ട്രിസിറ്റി ചാർജ്ജായി കൊടുത്തുകൊണ്ടിരുന്നവർ ഇന്നു് നൂറും നൂറിയിരുപതും രൂപ കൊടുക്കേണ്ടുന്ന ഒരു പരിതഃസ്ഥിതി വന്നിരിക്കുകയാണു്. ഇതിൽ എന്തോ തകരാറുകൾ വന്നിട്ടുള്ളതുകൊണ്ടാണു് ഇങ്ങനെ സംഭവിക്കുന്നതെന്നുള്ള കാര്യത്തെ മുൻനിറുത്തി, ഇപ്പോഴത്തെ നിലവിലുള്ള റൂളിൽ എന്തെങ്കിലും ഭേദഗതി ചെയ്തു ഇതിനൊരു പരിഹാരം വരുത്താൻ ഗവണ്മെന്റിൽനിന്നും ശ്രമിക്കുമോ ?

ശ്രീ. ആർ. ശങ്കർ : മുമ്പു കൊടുത്തുകൊണ്ടിരുന്നതിൽനിന്നും എട്ടും പത്തും ഇരട്ടി കൊടുക്കേണ്ടിവരുന്നതു് ഇപ്പോഴത്തെ ആളകലം വളരെയധികം ഇലക്ട്രിസിറ്റി ഉപയോഗിക്കുന്നതുകൊണ്ടാണു്. അങ്ങനെ കൂടുതൽ ചെലവാക്കുന്നതു് എത്രയാണെന്നു് കണ്ടുപിടിച്ചു് കുറച്ചു് കുറയ്ക്കാൻ ശ്രമിക്കുകയാണെങ്കിൽ ഇത്രയും തുക കൊടുക്കേണ്ടിവരികയില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : വ്യവസായ ആവശ്യത്തിനും ഡൊമസ്റ്റിക് കൺസ്യൂമേഴ്സിനും വേണ്ടി കൊടുക്കുന്ന ഇലക്ട്രിസിറ്റിയ്ക്കു് വലിയ അന്തരത്തിലുള്ള ചാർജ്ജാണു് ഇപ്പോഴും ഈ സ്റ്റേറ്റിൽ ഈടാക്കി വരുന്നതു്. അതിന്റെ കാരണമെന്താണെന്നു് പറയാമോ ?

ശ്രീ. ആർ. ശങ്കർ : ഡൊമസ്റ്റിക് കൺസ്യൂമേഴ്സിനു് കണക്ഷൻ കൊടുക്കുന്നതിനു് ചേരിച്ചു മൂലധനം ഗവണ്മെന്റിൽനിന്നും ചെലവാക്കുന്നുണ്ടു്. ഓരോ സ്ഥലങ്ങളിലേയ്ക്കും ലൈൻ നീട്ടിയിട്ടാണു് ഡൊമസ്റ്റിക് കൺസ്യൂമേഴ്സിനു് കണക്ഷൻ കൊടുക്കേണ്ടതു്. അതുകൊണ്ടു് കൂടുതൽ ചെലവുവരുന്നുണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണു് കൂടുതൽ ചാർജ്ജു് അവരിൽനിന്നും ഈടാക്കുന്നതു്.

ശ്രീ. കെ. എം. ജോർജ്ജു് : മുഖ്യമന്ത്രി പറഞ്ഞ അത്രം ഒരു അളവുവരെ ഞാൻ സമ്മതിക്കുന്നുണ്ടു്. പക്ഷേ ഇന്നു് ഇലക്ട്രിസിറ്റി ചാർജ്ജു് ഈടാക്കുന്നതിൽ നമ്മുടെ സ്റ്റേറ്റിലെ ആളകലക്കു് ദുർവഹമായ ഭാരം ഉണ്ടു്. ഇങ്ങനെ കൂടുതൽ ചാർജ്ജു് ഈടാക്കുന്നതിൽ എന്തോ തകരാറുണ്ടെന്നും ഇക്കാര്യത്തിൽ ഇലക്ട്രിസിറ്റി ബോർഡു പറയുന്നതുമാത്രം ശരിവയ്ക്കാതെ ഇതിന്റെ സത്യാവസ്ഥ എന്താണെന്നു് കണ്ടുപിടിച്ചു് ഇന്നു മനുഷ്യർക്കു വഹിക്കത്തക്ക വണ്ണവും സഹിക്കത്തക്കവണ്ണവുമുള്ള ചാർജ്ജു് ഈടാക്കുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇക്കാര്യത്തിൽ ഗവണ്മെന്റിൽനിന്നും പരിശോധിച്ചു നോക്കിയിട്ടുണ്ടു്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് നോക്കുമ്പോൾ ഈ സംസ്ഥാനത്തു് ഇലക്ട്രിസിറ്റി ചാർജ്ജു് ഈടാക്കുന്നതു് അത്ര കൂടുതലൊന്നുമല്ലെന്നു് മനസ്സിലാക്കുന്നതാണു്.

ശ്രീ. കെ. ഹസൻഗനി : ഓരോ മാസവും കൊടുക്കേണ്ട തുക ഒരു നിശ്ചിത തീയതിക്കുള്ളിൽ കൊടുത്തില്ലെങ്കിൽ കൊടുക്കേണ്ട തുകയുടെ പത്തു് ശതമാനം പെനാലിറ്റിയായി ഈടാക്കുന്നുവെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഇതിൽ പത്തു് ശതമാനം എന്നുള്ളതു് മാറ്റിയിട്ടു് എന്തെങ്കിലും കുറവു ചെയ്യുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇങ്ങനെ പത്തു് ശതമാനം പെനാലിറ്റി ഈടാക്കുന്നുണ്ടോയെന്നറിവില്ല. സമയത്തിനു് തന്നെ അടക്കേണ്ട തുക അടച്ചാൽ പെനാൽറ്റി കൊടുക്കേണ്ടി വരികയില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ : സ്റ്റേറ്റു റീ ഓർഗനൈസേഷനു മുമ്പു മലബാർ ഭാഗത്തുനിന്നും മീററർചാജ്ജു് ആദ്യമേ ഈടാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോഴും അവരിൽനിന്നും ഓരോ രൂപ വീതം വസൂലാക്കുന്നുണ്ടു്. അതു് ശരിയാണോ ? അതിനെക്കുറിച്ചു് വല്ല ആക്ഷേപവും ഗവണ്മെൻറിലേക്കു് കിട്ടിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിനെപ്പറ്റി പരിഗണിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ആക്ഷേപം കിട്ടിയിട്ടുണ്ടോയെന്നു് ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

പുറമ്പോക്കു് കൈവശക്കാക്കു പതിച്ചുകൊടുത്ത ഭൂമി

* 891. [4] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64–ൽഎത്ര ഏക്കർ പുറമ്പോക്കു് കൈവശക്കാക്കു് ഓരോ ജില്ലയിലും പതിച്ചുകൊടുക്കുകയുണ്ടായി ;

(ബി) എറണാകുളം ജില്ലയിൽപെട്ട തൃക്കാക്കര നോർത്തു്, സൗത്തു് വില്ലേജുകളിലെ പുറമ്പോക്കു് പതിച്ചുകൊടുക്കുന്നതിനുള്ള സ്റ്റേ പിൻവലിക്കാൻ നടപടിയെടുക്കുമോ ;

(സി) വളരെ വർഷങ്ങളായി പുറമ്പോക്കിൽ താമസിച്ചുപോരുന്നവരുടെ ദേഹണ്ഡങ്ങളും അവക്കു് കൊടുക്കാൻ നടപടി എടുത്തിട്ടുണ്ടോ ;

(ഡി) തൃക്കാക്കര സൗത്തു് വില്ലേജിൽ ഇലക്ട്രിസിറ്റി വകുപ്പുകാർ വെട്ടിമാറ്റിയ വൃക്ഷങ്ങൾക്കുള്ള വില കൈവശക്കാരായ പുറമ്പോക്കു താമസക്കാക്കു് കിട്ടണമെന്നുകാണിച്ചു നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയെടുത്തു ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ):

(എ) ആകെ 3042 ഏക്കർ 68 സെൻറു 764 ച. ലിംഗ്സ്. †

(ബി) ഈ ജില്ലയിലെ വർദ്ധിച്ചു വരുന്ന വ്യാവസായിക പുരോഗതിക്കുവേണ്ടി ദിനം പ്രതി കൂടുതൽ കൂടുതൽ സ്ഥലങ്ങളും പൊതുആവശ്യത്തിലേയ്ക്കു് വേണ്ടിയിരിക്കുന്നതിനാൽ എറണാകുളം ടൗണിൽ നിന്നും 20 മൈൽ ചുറ്റളവിൽ ഭൂമി കളക്ടറുടെ സമ്മതം കൂടാതെ പതിച്ചുകൊടുക്കരുതെന്നു കളക്ടർ നിദ്ദേശം നൽകിയിട്ടുണ്ടു്. ഈ നിർദ്ദേശം പിൻവലിക്കുന്നതു് ഇപ്പോഴും ശരിയല്ല.

(സി) ലാൻറ് അസൈൻമെൻറു മൂലം പ്രകാരം അർഹതയുള്ള കൈവശക്കാരുടെ പക്കൽനിന്നും അവർ നട്ടുപിടിപ്പിച്ചിട്ടുള്ള വൃക്ഷങ്ങളുടെയും മറ്റും വില ഈടാക്കുന്നതല്ല.

(ഡി) ഉണ്ടു്.

(ഈ) പ്രതിഫലം ആവശ്യപ്പെടുവാൻ തക്ക സർട്ടിഫിക്കറു നൽകണമെന്നു് നാലു് അപേക്ഷകരും താലൂക്കു് ആഫീസിൽ ലഭിച്ചിട്ടുണ്ടു്. അപേക്ഷകർ പുറമ്പോക്കു് സ്ഥലം കയ്യേറിയവരായതുകൊണ്ടു് ടി സ്ഥലത്തുള്ള വൃക്ഷങ്ങളോ, വൃക്ഷങ്ങളുടെ പ്രതിഫലമോ അവക്കു് കൊടുക്കാൻ വ്യവസ്ഥയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പത്തു് നാല്പതു്വർഷങ്ങളായി അവിടെ താമസിക്കുന്ന ഹരിജനങ്ങളുണ്ടു്. അവരുടെ കാര്യത്തിൽ മറ്റു എല്ലാഭാഗത്തുനിന്നും ഒഴിപ്പിക്കുമ്പോഴും ചെയ്യുന്നതുപോലെ അവരുടെ ദേഹണ്ഡങ്ങൾക്കു് പ്രതിഫലം കൊടുക്കുമോ ?

ശ്രീ. ടി. എ. തൊമ്മൻ: വൃക്ഷങ്ങളുടെ പ്രതിഫലം കൊടുക്കുന്നതിനെ സംബന്ധിച്ചു് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അതനുസരിച്ചു് ഗവണ്മെൻറിൽനിന്നും പ്രവർത്തിക്കുന്നതാണു്. അതിനു് വിരുദ്ധമായി എന്തെങ്കിലും ചെയ്യാൻ തയാറില്ല.

†Appendix I.

LIBRARY ARCHIVES Kerala Legislative Assembly